POOKKOM MLPS

# ACADEMIC MASTER PLAN

## CLASS : 1

2025-26

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികാസമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വെയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാരരൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ അധ്യയനവർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും ഉടൻപ്രവർത്തനസാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

# ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും അക്ഷരം വായിക്കാനും സ്വയം വ്യവഹാരരൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാകുക

* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടൽ

* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എന്നിവ വായിക്കുന്നു.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനക്ക് അവസരം ഒരുക്കുന്നു.

* സർഗ്ഗശേഷികൾ കൈവരിക്കുന്നു.

* പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശില്പശാലയിൽ ഏർപ്പെട്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.

* രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

## ജൂൺ

* സചിത്ര നോട്ട്ബുക്ക്, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ
* സചിത്രപുസ്തകം, സംയുക്തഡയറി എന്നിവ ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക
* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
* ചിത്രകാർഡുകൾ, വായനകാർഡുകൾ നിർമ്മാണ ശില്പശാല
* താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ

## ജൂലൈ

* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

## ഓഗസ്റ്റ്

* ഭാഷാവികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്ത ഡയറി എഴുത്ത്
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രവായന കാർഡുകൾ എന്നിവ തയ്യാറാക്കുന്നു.
*

## സെപ്റ്റംബർ

* സംയുക്തഡയറി മെച്ചപ്പെടുത്താൻ അവസരം
* സ്വതന്ത്ര രചന പരിപോഷിപ്പിക്കൽ
* ആനന്ദവായിച്ചിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കൽ
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

പ്രവർത്തനങ്ങൾ

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര - രചനകൾ പ്രദർശിപ്പിക്കുന്നു.
* ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘ-മായും അവതരിപ്പിക്കുകയും ചെയ്യുന്നു.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തന-ങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ

പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
* കൂട്ടവായന, നാട്യവായന, ചിത്രവായന ഇവയെ - പ്രോത്സാഹിപ്പിക്കൽ
* വായനോത്സവം തുടങ്ങുന്നു.
* രചനോത്സവം തുടങ്ങുന്നു.
* പത്രവായനയ്ക്ക് അവസരം ഒരുക്കൽ
* താളാത്മകമായി കവിതകൾ ചൊല്ലൽ.

## ഡിസംബർ

### പ്രവർത്തനങ്ങൾ

* ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
* രചനാശേഷി പരിപോഷിപ്പിക്കൽ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
* ലഘുകവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
* പരസ്പരം ചിന്തകൾ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

* കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
* തിയേറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* സംയുക്ത ഡയറിയിലെ ഓരോ കുട്ടികളുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കൈയെഴുത്ത്
പുസ്തകം തയ്യാറാക്കുന്നു
മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
* ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

* കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മ വായന ചങ്ങല വായന, സ്വന്തം വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

# വിലയിരുത്തൽ പ്രവർത്തനങ്ങൾ

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്

* കുട്ടികളുടെ മികച്ച സ്വാതന്ത്ര്യ രചനകളെ വായനക്കാർ
ഷുകളായി മാറിയിട്ടുണ്ട്

* രചനോത്സവ ഭാഷാ പ്രവർത്തനങ്ങളുമായി
ഉറപ്പിച്ചിട്ടുണ്ട്.

സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.

സചിത്ര പാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ
നടപ്പിലാക്കുന്നു.

* എല്ലാം കുട്ടികളെയും സചിത്രപുസ്തകത്തിൽ പങ്കാളി
ത്തം ഉറപ്പാക്കിയിട്ടുണ്ട്.

സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ
സാധ്യതകൾ ഉറപ്പാക്കുന്നു.

# ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കാൻ നാം ശ്രമിക്കുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടതുണ്ട്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിത പഠനം ആസ്വാദ്യകരമാക്കാം.

# ലക്ഷ്യങ്ങൾ

*. ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു. എഴുതുന്നു.

*. അഞ്ച് വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

*. ഒരക്ക സംഖ്യകൾ എണ്ണിയെടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.

*. ഒമ്പതിൽ താഴെയുള്ള സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന സംഖ്യകിട്ടും എന്ന് കണ്ടെത്തി പറയുന്നു.

*. സംഖ്യകളെ ആരോഹണ - അവരോഹണ ക്രമത്തിൽ ആക്കുന്നു.

*. രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം, വ്യവകലനം.

*. ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം

*. ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.

*. ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ.

*. ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

*. സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.

*. സംഖ്യാ കാർഡ് നിർമ്മിക്കൽ

ജൂലൈ

*. ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ ഗണിതകിറ്റ് തയ്യാറാക്കുന്നു.

ഓഗസ്റ്റ്

*. ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.

*. കൂടുതൽ, കുറവ് തിരിച്ചറിയുന്നു.

*. ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

*. സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ, ആലപിക്കൽ

*. ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ, വ്യവകലന ക്രിയകൾ നടത്തൽ

*. ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.

ഒക്ടോബർ

*. ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ

*. ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

*. വലിയസംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ

നവംബർ

*. സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു

*. ഒരക്കസംഖ്യയും രണ്ടസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

*. സംഖ്യകൾ ആരോഹണ ക്രമത്തിൽ, അവരോഹണ ക്രമത്തിൽ എഴുതാൻ

*. ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

*. ഒറ്റസംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

*. ഒന്നു മുതൽ പത്തു വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

*. ഗണിത ആൽബം പി.ടി.എയിൽ പ്രദർശനം

മാർച്ച്

*. ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ പൂർത്തിയാക്കുന്നു.

*. ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.

*. സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.